# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 182 — 04.02.2013-ൽ മറുപടിയ്ക്ക്

## വനശ്രീയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>,, പാലോട് രവി<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, സണ്ണി ജോസഫ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനശ്രീയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | എ) • ആദിവാസികൾവഴി ശേഖരിക്കുന്ന തടിയേതര വന വിഭവങ്ങൾ മൂല്യ വർധനവ് നടത്തി 'വനശ്രീ' എന്ന ബ്രാൻഡിൽ വനം വകുപ്പിന്റെ വനശ്രീ ഔട്ട് ലെറ്റുകൾ വഴി വിപണനം നടത്തുന്നു.<br>• വനശ്രീ യൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിക്കൽ കേരള സർക്കാരിന്റെ ഒരു വർഷത്തെ കർമ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു<br>• ഇതിന്റെ ഭാഗമായി വനശ്രീ യൂണിറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാന തലത്തിലും, സർക്കിൾ, ഡിവിഷൻ, റേഞ്ച് തലങ്ങളിലും വനശ്രീ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്<br>• വനശ്രീ ഇക്കോ ഷോപ്പുകളുടെ എണ്ണം 28 ആയി വർധിപ്പിക്കുകയും തിരുവനന്തപുരം വനം ഡിവിഷന്റെ കീഴിൽ സതേൺ റീജിയന് വേണ്ടിയുള്ള ഒരു മൊബൈൽ വനശ്രീ യൂണിറ്റ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്<br>• മലയാറ്റൂർ വന വികസന ഏജൻസിയുടെ കീഴിൽ നോർത്തേൺ റീജിയന് വേണ്ടി ഒരു മൊബൈൽ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു<br>• ഔഷധിയുമായി ചേർന്ന് ഔഷധിയുടെ ആയുർവേദ ഉല്പന്നങ്ങളും വനശ്രീ വഴി |

| | | | |
|---|---|---|---|
| | | | വിപണനം ചെയ്യുന്നുണ്ട്<br>• വനശ്രീ യൂണിറ്റുകൾ വഴി കൂടുതൽ ഇനം വന വിഭവങ്ങൾ വില്പന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു<br>• ചെറുകിട വന വിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം , സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ നടത്തുന്നതിനായി വനസംരക്ഷണ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്<br>• തുടർന്നും ഇത്തരം പരിശീലന പരിപാടികൾ നടത്തുവാൻ ഉദ്ദേശമുണ്ട് |
| ബി) | വനവിഭവങ്ങൾ മൂല്യ വർദ്ധന വരുത്തി വിപണിയിലെത്തിക്കുന്നതിന് നടപടി എടുക്കുമോ; വിശദമാക്കുമോ; | ബി) | വനാശ്രിത സമൂഹം വനങ്ങളിൽ നിന്നും ശേഖരിക്കുന്ന ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടിയേതര വന വിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിച്ച് മൂല്യവർദ്ധനവ് നടത്തി വനശ്രീ ഇക്കോ ഷോപ്പുകൾ വഴി വിപണനം നടത്തിവരുന്നു. |
| സി) | ഇതിനായി വനങ്ങളിൽ താമസിക്കുന്ന ആദിവാസികൾക്കു വേണ്ട പ്രായോഗിക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ; | സി) | ചെറുകിട വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും മൂല്യ വർദ്ധനവ് നടത്തുന്നതിനുമായി വന സംരക്ഷണ സമിതി അംഗങ്ങൾക്ക് സർക്കിൾ തലത്തിൽ കീ സ്റ്റോൺ ഫൗണ്ടേഷൻ, ഔഷധി മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി പരിശീലനം നൽകിയിട്ടുണ്ട്. 2012 13 വർഷം ഇതുവരെ പൂർത്തിയാക്കിയിട്ടുള്ള 5 സർക്കിൾ തല പരിശീലന പരിപാടികളിലായി ഏകദേശം 500 ഓളം വന സംരക്ഷണ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.തുടർന്നും ഇത്തരം പരിശീലന പരിപാടികൾ നടത്താൻ ഉദ്ദേശമുണ്ട്. |

| | |
|---|---|
| ഡി) വനശ്രീയുടെ മൊബൈൽ യൂണിറ്റ് പ്രവർത്തനമാരംഭി ച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | ഡി) തിരുവനന്തപുരം വന വികസന ഏജൻസി യുടെ കീഴിൽ സതേൺ റീജിയന് വേണ്ടിയുള്ള ഒരു മൊബൈൽ യൂണിറ്റ് 22/11/2012 ൽ ബഹു: വനം വകുപ്പ് മന്ത്രി ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചു. മൊബൈൽ വനശ്രീ യൂണിറ്റ് വഴി ശുദ്ധി ചെയ്ത തേൻ, കസ്തൂരി മഞ്ഞൾ കുന്തിരിക്കം, ഇഞ്ച, കുരുമുളക്, ഏലം, യൂക്കാലി തൈലം, പുൽതൈലം, പതിമുഖം, കരിങ്ങാലി തുടങ്ങിയ ഇരുപതോളം ഇനം തടിയേതര വനവിഭവങ്ങൾ വില്പന നടത്തി വരുന്നു . തിരുവനന്തപുരം മുതൽ ഏറണാകുളം വരെയുള്ള പല സ്ഥലങ്ങളിൽ സഞ്ചരിച്ചാണ് ഇതിന്റെ പ്രവർത്തനം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ